# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2385** 07.02.2019- ൽ മറുപടിക്ക്

## വ്യവസായ മിത്ര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. കെ. ബഷീർ** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവുംവകുപ്പ മന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നിരവധി പരമ്പരാഗത സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ചയെ നേരിടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ച നേരിടുന്നുവെന്ന പൊതു അവസ്ഥ സംജാതമായിട്ടില്ല. എന്നാൽ വകുപ്പ് നടപ്പാക്കിയ ജിയോ ടാഗ്ഗിങ് മുഖേന നടത്തിയ പരിശോധനയിൽ ധനദൗർലഭ്യം, വിപണനത്തിലെ പ്രശ്നങ്ങൾ, ഫലപ്രദമല്ലാത്ത മാനേജ്മെന്റ് സമ്പ്രദായങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് /വർധിച്ച വില എന്നിവയാൽ 3489 സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ചയെ നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെ പുന:രുദ്ധരിക്കുവാൻ വ്യവസായ മിത്ര എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി), സി) & ഡി) | തകർച്ച നേരിടുന്ന എം.എസ്.എം.ഇ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാനായി 15.05.2018 ലെ സ.ഉ(കൈ)നം.38/2018/വ്യവ ഉത്തരവ് പ്രകാരം "ദി കേരള സ്ട്രെസ്സ്ഡ് എം.എസ്.എം.ഇ റിവൈവൽ ആൻഡ് റീഹാബിലിറ്റേഷൻ സ്കീം" എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിനായുള്ള ഒരു കമ്മിറ്റിയാണ് വ്യവസായ മിത്ര. |
| സി) | ഈ പദ്ധതി മുഖേന എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | | |

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | | താഴെ പറയുന്ന തരത്തിലുള്ള ധന സഹായമാണ് ഈ പദ്ധതി മൂലം നൽകാനുദ്ദേശിക്കുന്നത്. |
| ഡി) | ഈ പദ്ധതിക്ക് ഭരണാനുമതി നല്കിയിരുന്നോ;വിശദാംശം നൽകുമോ ? | | • നിലവിലുള്ള വായ്പ അക്കൗണ്ട് പുന:ക്രമീകരണം ചെയ്യുക.<br>• പുനരുദ്ധീകരിക്കാനാകുന്ന യൂണിറ്റുകൾ പുന:രാരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ നൽകുക.<br>• നിയമപരമായി അടക്കേണ്ടുന്ന ബാധ്യതകൾ അടയ്ക്കുന്നതിന് സഹായം.<br>• പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ, പരമാവധി 10,000/- രൂപ.<br><br>മേൽ പദ്ധതി ആനുകൂല്യത്തിനായി അപേക്ഷകർക്ക് വേണ്ട അർഹത ചുവടെ ചേർക്കുന്നു<br>• സംസ്ഥാനത്തിനകത്തുള്ള ഉൽപ്പാദന മേഖലയിലുള്ള വ്യവസായ സംരംഭങ്ങൾ ആയിരിക്കണം .<br>• നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാൻ പാടില്ല .<br>• ഇ.എം പാർട്ട്-2/ ഉദ്യോഗ് ആധാർ എന്നിവയിൽ ഏതെങ്കിലും ഫയൽ ചെയ്തിട്ടുണ്ടായിരിക്കണം.<br>• സിക്ക് യൂണിറ്റിന്റെ നിർവചനത്തിൽപ്പെട്ട യൂണിറ്റായിരിക്കണം .<br>• റിവൈവൽ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പുനരുദ്ധാരണയോഗ്യമായ യൂണിറ്റായിരിക്കണം .<br>• സ്വതന്ത്ര അസ്തിത്വം ഉള്ള യൂണിറ്റായിരിക്കണം . |

സെക്ഷൻ ഓഫീസർ